പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 106 01/07/2015 - ൽ മറുപടി നൽകേണ്ടത്

**എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിലെ പിഴവുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. ടി.വി.രാജേഷ്<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫല പ്രഖ്യാപനത്തിൽ പിഴവുകൾ ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കാമോ ; | (എ) ചില മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും അപ് ലോഡ് ചെയ്ത മാർക്കുകൾ സാങ്കേതിക തകരാറുകൾ മൂലം പൂർണ്ണമായി സർവ്വറിൽ ലഭിയ്ക്കാതിരുന്നതും ചില സ്കൂളുകളിൽ നിന്നും ഗ്രേസ് മാർക്കുകൾ യഥാസമയം അപ് ലോഡ് ചെയ്യാതിരുന്നതും ഉൾപ്പടെയുള്ള കാരണങ്ങളാൽ ഈ വർഷത്തെ എസ്.എസ്.എൽ.സി ഫല പ്രഖ്യാപനത്തിൽ ചില പിഴവുകൾ, ഉണ്ടായിട്ടുണ്ട്. |
| (ബി) മൂല്യ നിർണ്ണയം സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുടെ അഭിപ്രായം പരിഗണിച്ചിരുന്നുവോ ; | (ബി) 24/02/2015 ൽ എസ്.സി.ഇ.ആർ.ടി യിൽ എല്ലാ അദ്ധ്യാപക സംഘടനകളുടേയും യോഗം വിളിച്ച് ചേർത്തിരുന്നു. അവരുടെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ടാണ് എസ്.എസ്. എൽ.സി. പരീക്ഷ നടത്തിയത്. |
| (സി) എസ്.എസ്.എൽ.സി.ഫലം തയ്യാറാക്കുന്നതിന് മുൻപരിചയമില്ലാത്തവരും യോഗ്യരല്ലാത്തവരുമായ ഉദ്യോഗസ്ഥരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിരുന്നോ ; വിശദാംശം നൽകാമോ ; | (സി) എസ്.എസ്.എൽ.സി. മൂല്യനിർണ്ണയ ക്യാമ്പുകളിൽ മാർക്കുകൾ ഡബിൾ എൻട്രി നടത്തുന്നതിനായി ക്യാമ്പ് ഓഫീസർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ കൂടിയാലോചിച്ച് താൽക്കാലികാടിസ്ഥാനത്തിൽ ആകെ 54 ക്യാമ്പുകളിലായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി 331 പേരെയും 54 സ്കോർ സൂപ്പർവൈസർമാരെയും നിയമിച്ചിരുന്നു. ഇവരിൽ 2013-2014 വർഷം ഈ പ്രവർത്തനങ്ങളിൽ പങ്കെടുത്തവരേയും മതിയായ ആളുകളെ ലഭിക്കാതിരുന്ന ചില ക്യാമ്പുകളിൽ ഈ വിഷയത്തിൽ മുൻ പരിചയമില്ലാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർ മാരെയും നിയമിച്ചിട്ടുണ്ട്. പരീക്ഷാ ഭവനിൽ എസ്.എസ്.എൽ.സി ഫല പ്രഖ്യാപനവുമായി |

നടന്ന പ്രവർത്തനങ്ങളിൽ പ്രവർത്തിച്ച എല്ലാ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും മുൻപരിചയ മുള്ളവരായിരുന്നു.

(ഡി) പ്രസ്തുത പിഴവുകൾ സംബന്ധിച്ച ഡി.പി.ഐ.യുടെ വിശദീകരണം ലഭ്യമാക്കുമോ ;

(ഡി) ചില മൂല്യ നിർണ്ണയ ക്യാമ്പുകളിൽ നിന്നും അപ്ലോഡ് ചെയ്ത മാർക്കുകൾ സാങ്കേതിക തകരാറുകൾമൂലം പൂർണ്ണമായി സർവ്വറിൽ ലഭിയ്ക്കാതിരുന്നതും. ചില സ്കൂളുകളിൽനിന്നും ഗ്രേസ്സ് മാർക്കുകൾ യഥാസമയം അപ്‌ലോഡ് ചെയ്യാതിരുന്നതും ഉൾപ്പെടെയുള്ള കാരണങ്ങളാൽ ഈ വർഷത്തെ ഫല പ്രഖ്യപനത്തിൽ ചില പിഴവുകൾ ഉണ്ടായിട്ടുണ്ട്. സോഫ്റ്റ് വെയറിന്റെ തകരാറുകൊണ്ടും ഡാറ്റാ എന്ട്രി കൃത്യമായി നടക്കാത്തതുകൊണ്ടുമാണ് അപ്രകാരം സംഭിവച്ചത്. പിഴവുകൾ പരിഹരിച്ച നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സമഗ്ര ന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഇ) എസ്.എസ്.എൽ.സി. മൂല്യനിർണ്ണയം മുതൽ ഫലപ്രഖ്യാപനം വരെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും എസ്.എസ്.എൽ.സി പരീക്ഷ യുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

(ഇ) ഡോ. അച്യുത് ശങ്കർ എസ്. നായർ ഡയറക്ടർ, സെന്റർ ഫോർ ബയോ ഇൻഫർമറ്റിക്സ്, യൂണിവേഴ്സിറ്റി ഓഫ് കേരള, ശ്രീ. ജോൺസ്.വി.ജോൺ പരീക്ഷാഭവൻ മുൻ സെക്രട്ടറി, ഡോ. കെ മുഹമ്മദ്. വൈ. സഫറുള്ള, ഡയറക്ടർ, ഐ.ടി മിഷൻ എന്നിവർ അംഗങ്ങളായി പൊതുവിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി ഫല പ്രഖ്യാപനം സംബന്ധിച്ച മുഴവൻ കാര്യങ്ങളും അന്വേഷിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 21/05/2015 - ലെ സർക്കാർ ഉത്തരവ് ജി.ഓ(ആർടി) 1927/15/ പൊ.വി.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരി ച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ കൂടി കണക്കിലെടുത്ത് ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്ന തിനായുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

Sreedevi

സെക്ഷൻ ഓഫീസർ